# നുണ

തമ്പിആന്റണിതെക്കേക്കുറ്റ്

പത്തുമാസം
ഭാരം ചുമന്നതും
കഷ്ടപ്പെട്ടതും
വെറുതേയാണെന്ന്
അമ്മ പറഞ്ഞതും
പെൺമക്കളെ
കെട്ടിച്ചുവിട്ട്
പാപ്പരായെന്ന്
അച്ഛൻ പറഞ്ഞതും
അപ്പന്റെ
ശവസംസ്കാരത്തിന്
ലക്ഷങ്ങൾ മുടക്കിയെന്ന്
അമേരിക്കയിലുള്ള
മക്കൾ പറഞ്ഞതും
ഈ തലതെറിച്ച
പിള്ളേരേ
പാഠംപഠിപ്പിക്കുവാൻ
പാടുപെട്ടതുകൊ ണ്ട്
എന്തുനേടി എന്ന്
എലിമെന്ററിസ്ക്കൂളിലെ
പിള്ളമാഷ് പറഞ്ഞതും
ആരുമറിയാതെ
അരമതിൽ ചാടിയതും
തല്ലുമേടിച്ചതും
പ്രേമമാണെന്ന്
അവൻ പറഞ്ഞതും
പ്രേമത്തിന്റെ ഏതോ
മൂർദ്ധന്യാവസ്ഥയിൽ
ഫോൺബില്ലടച്ചു
മുടിഞ്ഞെന്ന്
അവൾ പറഞ്ഞതും
ഒക്കെവെറും
നുണപറയുന്നവർ
എന്ന്....
കവികൾ പറയുന്നതും